(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ അതേ തസ്തികയിൽ നിയമിച്ചിട്ടുള്ള താൽക്കാലിക ജീവനക്കാർക്ക് സർക്കാർ ഖജനാവിൽ നിന്നും ശമ്പളം നൽകാൻ പാടില്ലെന്ന കോടതിവിധി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത വിധിക്കെതിരെ പ്രവർത്തിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി)&(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) ബഹു. കോടതിയുടെ ഈ വിധിയുടെ പകർപ്പ് എല്ലാ വകുപ്പു തലവൻമാർക്കും നിയമനാധികാരികൾക്കും അതിലെ നിർദ്ദേശം കർശനമായി പാലിക്കുന്നതിലേയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ആശ്രിത നിയമനം

(101) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ആശ്രിതനിയമന പദ്ധതി പ്രകാരം 1999 ആഗസ്റ്റ് വരെ എത്രപേരെ നിയമിച്ചിട്ടുണ്ട്;

(ബി) ഏതുവർഷം വരെയുള്ള അപേക്ഷകർക്കാണ് നിയമനം നൽകിയിട്ടുള്ളത്;

(സി) വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്-പ്യൂൺ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ;

(ഡി) 6.6.1996-ൽ ആശ്രിത നിയമന വ്യവസ്ഥയിൽ അപേക്ഷ നൽകുകയും 3.11.1997-ലെ ജി.ഒ. (എം.എസ്) നം.433/97/ജി.ഇ.ഡി.എൻ., ടി.വി.എം., പ്രകാരം ഉത്തരവ് ലഭിക്കുകയും ചെയ്ത ശ്രീ. മുഹമ്മദ് ഷാഫി, കമുകറ കോണത്തുവീട്, കൊച്ചാലുംമൂട്, കന്യാകുളങ്ങര എന്ന ആളിന് എന്ന് നിയമന ഉത്തരവ് നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ജോലി വാഗ്ദാനം നൽകി പണം വാങ്ങുന്നതായുള്ള പരാതി

(107) ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ഠൗൺ എംപ്ലോയ്മെന്റ് ആഫീസർ ജോലി വാഗ്ദാനം നൽകി ഉദ്യോഗാർത്ഥികളിൽ നിന്നും പണം വാങ്ങുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ ഉദ്യോഗസ്ഥനെതിരെ അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ സ്വഭാവം എന്താണെന്ന് വിശദമാക്കാമോ;

(ഡി) ഒരു ഉദ്യോഗാർത്ഥിയിൽ നിന്നും വാങ്ങിയ തുക പരസ്യമായി തിരികെ കൊടുക്കേണ്ട സാഹചര്യം വന്നിട്ടും ഇയാൾക്കെതിരെ ശിക്ഷണ നടപടി ഉണ്ടാകാതിരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ ഉദ്യോഗസ്ഥന്റെ അഴിമതിക്കെതിരെ ജനകീയ പ്രക്ഷോഭം നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബത്തേരി ഠൗൺ എംപ്ലോയ്മെന്റ് ആഫീസർ 1990 മാർച്ച് 30-ന് ചീരാൻകഴമ്പിലെ കോന്നക്കാട് മലയിൽ അബ്രഹാമിൽ നിന്നും ടിയാന്റെ മകൾക്ക് ജോലി വാഗ്ദാനം ചെയ്ത് 25,000 രൂപ കൈക്കൂലി വാങ്ങി വ്യാജമായി തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് ഉണ്ടാക്കി രജിസ്റ്റർ ചെയ്യിപ്പിക്കുകയും എന്നാൽ ഡി.വൈ.എഫ്.ഐ. ഇടപെട്ടതോടെ ആഫീസർ പണം മടക്കി നൽകുകയും ചെയ്തു.

(സി) കോഴിക്കോട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ആരോപണവിധേയനായ ആഫീസറെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യാൻ ഉത്തരവായിട്ടുണ്ട്.

(ഇ) ഉണ്ട്.

ഹൈക്കോടതിയിലെ സർക്കാർ കേസ്സ് നടത്തിപ്പ്

(133) ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഹൈക്കോടതിയിൽ സർക്കാർ കേസുകൾ നടത്തുന്നത് ആരാണ്;

(ബി) അഡ്വ. ജനറൽ സർക്കാരിനുവേണ്ടി കോടതിയിൽ നേരിട്ട് ഹാജരായി കേസ്സ് നടത്തുന്നതെപ്പോഴാണ്;

(സി) അഡ്വ. ജനറൽ ഹാജരാകേണ്ട കേസ്സിൽ സർക്കാർ ചെലവിൽ പുറത്തുനിന്ന് അഡ്വക്കേറ്റുമാരെ നിയമിക്കേണ്ടതായി വന്നിട്ടുണ്ടോ;

(ഡി) എങ്കിൽ കാരണമെന്ത്;

(ഇ) ആരെയെല്ലാമാണ് ഇപ്രകാരം പുറത്തുനിന്ന് നിയോഗിച്ചിട്ടുള്ളത്; ഇവർക്കുവേണ്ടി ഇതുവരെ എന്തു തുക ചെലവായി?

LIBRARY ARCHIVES Kerala Legislative Assembly